**അവയവ ദാനം**

46(2514) ശ്രീമതി കെ. എസ്. സലീഖ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റശേഷം നാളിതുവരെ മസ്തിഷ്ക മരണം സംഭവിച്ച എത്ര പേരുടെ അവയവങ്ങൾ ദാനം ചെയ്യുവാൻ മരണപ്പെട്ടവരുടെ കുടുംബാംഗങ്ങൾ തയ്യാറായി എന്നും മരണപ്പെട്ടവർ ആരെല്ലാം എന്നുമുള്ള വിശദാംശം ജില്ല തിരിച്ച് വ്യക്തമാക്കുമോ;

(ബി) ഈ സർക്കാർ കാലയളവിനുള്ളിൽ നാളിതുവരെ എത്ര പേർക്ക് ഇത് പ്രയോജനപ്പെട്ടു എന്നുള്ള വിശദാംശം ജില്ല തിരിച്ച് വ്യക്തമാക്കുമോ;

(സി) നാളിതുവരെ ആരോഗ്യ വകുപ്പ് ഇതിലേക്ക് ചെലവഴിച്ച തുക എത്ര;

(ഡി) സംസ്ഥാനത്ത് ഏതൊക്കെ ആശുപത്രികളിൽ ഇതിനുള്ള സജ്ജീകരണം ഉണ്ടെന്നു വ്യക്തമാക്കുമോ;

(ഇ) അവയവദാനം പ്രോത്സാഹിപ്പിക്കുവാനും അവയവങ്ങൾ ദാനം ചെയ്യുന്നവരുടെ കുടുംബങ്ങൾക്ക് ധനസഹായം അനുവദിക്കുവാനും അവയവം സ്വീകരിച്ച രോഗികളുടെ ചികിത്സയും തുടർ ചികിത്സയും ആരോഗ്യ വകുപ്പ് എന്തെല്ലാം നടപടികൾ നിലവിൽ സ്വീകരിച്ചു വരുന്നുണ്ടെന്നും ഇതിൽ കുറച്ചുകൂടി കാതലായ മാറ്റങ്ങൾ വരുത്തുവാൻ ഉദ്ദേശിക്കുന്നുണ്ടോ എന്നും വ്യക്തമാക്കുമോ?

ഉത്തരം

(എ&ബി) 2012-ൽ മരണാനന്തര അവയവദാന പദ്ധതിക്ക് തുടക്കം കുറിച്ചതിനുശേഷം നാളിതുവരെ മസ്തിഷ്ക മരണം സംഭവിച്ച 169 ആളുകളുടെ കുടുംബാംഗങ്ങൾ അവയവദാനത്തിന് തയ്യാറായിട്ടുണ്ട്. ഈ പദ്ധതിക്ക് തുടക്കം കുറിച്ചതിനുശേഷം 457 ആളുകൾക്ക് അവയവം മാറ്റിവയ്ക്കൽ ശസ്ത്രക്രിയ ചെയ്യാൻ സാധിച്ചിട്ടുണ്ട്. മരണപ്പെട്ടശേഷം അവയവങ്ങൾ ദാനം ചെയ്തവരുടെ വിശദാംശം അനുബന്ധം ആയി ചേർത്തിരിക്കുന്നു.*

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(സി) നാളിതുവരെ പദ്ധതി വിഹിതമായി ആരോഗ്യ വകുപ്പ് 8 കോടി 50 ലക്ഷം രൂപ അനുവദിക്കുകയുണ്ടായി.

(ഡി) അവയവം മാറ്റിവയ്ക്കൽ ശസ്ത്രക്രിയയ്ക്ക് വേണ്ടി സജ്ജീകരണം ഒരുക്കിയിട്ടുള്ള ആശുപത്രികളുടെ വിവരം അനുബന്ധം ആയി ചേർത്തിരിക്കുന്നു.*

(ഇ) അവയവദാനം പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി, അവയവദാനത്തിന്റെ ആവശ്യകതയെയും പ്രാധാന്യത്തേയും കുറിച്ച് ബോധവൽക്കരണ ക്ലാസ്സുകളും ശിൽപ്പശാലകളും നടത്തിവരുന്നു. അവയവങ്ങളുടെ പ്രവർത്തനം തകരാറിലായ രോഗികൾക്ക്, അവയവം മാറ്റിവയ്ക്കൽ ശസ്ത്രക്രിയയ്ക്കും ഡയാലിസിസ് ചെയ്യുന്നതിലേക്കുമായി കാരുണ്യ വഴി രണ്ട് ലക്ഷം രൂപ നൽകിവരുന്നു.

## കുലശേഖരം പി.എച്ച്.സി. താലൂക്കാശുപത്രിയായി ഉയർത്തുന്നതിന് നടപടി

47(T2515) ശ്രീ. കെ. മുരളീധരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം ജില്ലയിലെ കുലശേഖരം പി.എച്ച്.സി., താലൂക്ക് ആശുപത്രിയായി ഉയർത്തുന്നതിനുള്ള ശിപാർശയിൻമേലുള്ള നടപടി ഇപ്പോൾ ഏത് ഘട്ടത്തിലാണ് ;

(ബി) പ്രസ്തുത വിഷയത്തിൽ അനുകൂലമായ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ&ബി) തിരുവനന്തപുരം ജില്ലയിൽ കുലശേഖരം പ്രാഥമികാരോഗ്യ കേന്ദ്രം എന്ന പേരിൽ ഒരു ആരോഗ്യ കേന്ദ്രം പ്രവർത്തിക്കുന്നില്ല. കുലശേഖരത്ത് നിലവിൽ പ്രവർത്തിച്ചുവരുന്ന ആരോഗ്യ കേന്ദ്രം വട്ടിയൂർക്കാവ് 24X7 പ്രാഥമികാരോഗ്യ കേന്ദ്രമാണ്. വട്ടിയൂർക്കാവ് 24X7 പി.എച്ച്.സി.-യെ സി.എച്ച്.സി. ആയോ താലൂക്ക് ആശുപത്രിയായോ ഉയർത്തുന്നതു സംബന്ധിച്ച് ആരോഗ്യ വകുപ്പ് ഡയറക്ടറുടെ ശിപാർശ ലഭിച്ചിട്ടില്ല.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly